ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് ഇന്ന് തുടക്കം. 15 മത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

**Prime Minister Narendra Modi to embark on a two nation visit to Japan and China this evening.**

2) പ്രളയം ദുരിതം വിതച്ച ജമ്മു മേഖലയിലും, വടക്കൻ പഞ്ചാബിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ഇന്ത്യൻ വ്യോമസേന. ഹിമാചലിലും തെലങ്കാനയിലും കനത്തമഴയിൽ ജനജീവിതം ദുരിതത്തിൽ.

**Indian Air Force launches extensive relief and rescue operations in Jammu region and northern Punjab following floods triggered by heavy rains.**

3) കേന്ദ്രസർക്കാരിന്റെ സുപ്രധാന പദ്ധതിയായ പ്രധാൻമന്ത്രി ജൻധൻ യോജനയ്ക്ക് ഇന്ന് 11 വയസ്സ്.

**Pradhan Mantri Jan Dhan Yojana completes 11 years today.**

4) താമരശ്ശേരി ചുരം റോഡിൽ വീണ്ടും ഗതാഗത നിയന്ത്രണം; അടിയന്തര ആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ കടത്തി വിടാൻ നീക്കം.

**Traffic at Thamarassery Ghat Pass once again restricted.**

5) അസംസ്കൃത പരുത്തിയുടെ ഇറക്കുമതി തീരുവയിളവ് ഡിസംബർ 31 വരെ നീട്ടി കേന്ദ്ര സർക്കാർ

**The Government has decided to extend the import duty exemption on raw cotton from 30th September to 31st December 2025.**

6) കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് കൊച്ചി ബ്ലൂ ടൈഗേഴ്സ് ട്രിവാൻട്രം റോയൽസിനെയും ,ഏരീസ് കൊല്ലം ആലപ്പി റിപ്പിൾസിനെയും നേരിടും.

**In Kerala Cricket League, Kochi Blue Tigers will take on Trivandrum Royals and Aries Kollam against Alleppey Ripples.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM JAPAN CHINA**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് ഇന്ന് തുടക്കം. ജാപ്പനീസ് പ്രധാനമന്ത്രി ഷിഗെരു ഇഷിബയ്ക്കൊപ്പം 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപ്രധാന പങ്കാളിത്തത്തെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്യും. പ്രതിരോധം, സുരക്ഷ, സമ്പദ് വ്യവസ്ഥ, സാങ്കേതികവിദ്യ തുടങ്ങി വിവിധ മേഖലകളിലെ സഹകരണ സാധ്യതകളും ചർച്ചയാവും. ശ്രീ മോദിയുടെ എട്ടാമത് ജപ്പാൻ സന്ദർശനമാണിത്. ഇന്ത്യ-ജപ്പാൻ സഹകരണം പുതിയ തലങ്ങളിലേക്കെത്തിക്കാൻ പ്രധാനമന്ത്രിയുടെ രണ്ട് ദിവസത്തെ സന്ദർശനം ഏറെ പ്രയോജനം ചെയ്യുമെന്നാണ് വിലയിരുത്തൽ. ഓഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ അദ്ദേഹം ചൈന

സന്ദർശിക്കും. ചൈനീസ് പ്രസിഡന്റ് ഷീ ജിൻപിങ്ങിൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. ടിയാൻജിനിൽ നടക്കുന്ന, ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഷാങ്ഹായ് രാഷ്ട്രത്തലവന്മാരുമായുള്ള ഉഭയകക്ഷി ചർച്ചകളും ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ നടക്കും.

&&&&&&&&&&&&&&&&&&

**Sibi George (INTRO)**

***പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ജപ്പാൻ സന്ദർശനം ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് ജപ്പാനിലെ ഇന്ത്യൻ അംബാസഡർ സിബി ജോർജ്. ഇന്ത്യയുടെ അമൃതകാല യാത്രയിലെ വിശ്വസ്ത പങ്കാളിയായിരിക്കും ജപ്പാൻ എന്നും, നിർമാണ കേന്ദ്രമായി മാറാനുള്ള ഇന്ത്യയുടെ ലക്ഷ്യത്തെ പിന്തുണയ്ക്കാൻ ജപ്പാന് സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.***

*(ഹോൾഡ്)*

&&&&&&&&&&&&&&&&&&

**HEADLINE-2**

**FLOOD JK PUNJAB**

പ്രളയം ദുരിതം വിതച്ച ജമ്മു മേഖലയിലും, വടക്കൻ പഞ്ചാബിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ഇന്ത്യൻ വ്യോമസേന. IAF ഹെലികോപ്റ്ററുകളും, മറ്റ് വിമാനങ്ങളും രക്ഷാ പ്രവർത്തനത്തിൽ സജീവമാണ്. ജമ്മുവിലെ അഖ്നൂറിലും, പഞ്ചാബിലെ പത്താൻകോട്ട്, ദേരാ ബാബ നാനാക് മേഖലയിലും കുടുങ്ങിയ സൈനികരെ പുറത്തെത്തിക്കാൻ സാധിച്ചതായി വ്യോമസേനാ വൃത്തങ്ങൾ അറിയിച്ചു. പഞ്ചാബിലെ ഗുരുദാസ്പൂർ, ഫിറോസ്പൂർ, ഫാസിൽക, കപൂർത്തല, അമൃത്സർ, ഹോഷിയാർപൂർ, തരൺതാരൺ ജില്ലകളിൽ പ്രളയം വലിയതോതിലുള്ള നാശനഷ്ടമാണ് വിതച്ചത്. നൂറ് കണക്കിനേക്കർ കൃഷിഭൂമിയും നിരവധി ഗ്രാമങ്ങളും വെള്ളത്തിനടിയിലാണ്. ഹിമാചൽ പ്രദേശിൻറെ പർവത മേഖലയിൽ തുടരുന്ന മഴ ബിയാസ് സത്ലജ് നദികളിൽ വെള്ളപ്പൊക്കം സൃഷ്ടിച്ചിരിക്കുകയാണ്. രഞ്ജിത് സാഗർ, പൊങ്, ഭക്ര അണക്കെട്ടുകൾ സംഭരണ ശേഷി പിന്നിട്ടതിനെ തുടർന്ന് ജലം പുറത്തേക്കൊഴുക്കുന്നുണ്ട്. കുട്ടികളടക്കം

ആയിരക്കണക്കിനാളുകളെയാണ് പ്രളയബാധിത മേഖലയിൽ നിന്നും സൈന്യവും, സിആർപിഎഫും ബിഎസ്എഫും ചേർന്ന് പുറത്തെത്തിച്ചത്.

&&&&&&&&&&&&&&&&&&

**FLOOD HIMACHAL THELENGANA**

ഹിമാചൽ പ്രദേശിൽ കനത്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിലും, വെള്ളപ്പൊക്കത്തിലും ദേശീയപാതകളടക്കം 582 റോഡുകൾ അടച്ചിട്ട നിലയിലാണ്. ഇന്നും വിവിധ ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. മൺസൂൺ മഴയിൽ ഹിമാചലിൽ ഇത്തവണ 310 മരണം റിപ്പോർട്ട് ചെയ്തു. തെലങ്കാനയിലെ കാമാറെഡ്ഡി, മേദക്, നിർമൽ ജില്ലകളിൽ കനത്ത മഴയാണ് അനുഭവപ്പെടുന്നത്. വെള്ളപ്പൊക്കത്തെതുടർന്ന് ആയിരക്കണക്കിനാളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. സൗത്ത് സെൻട്രൽ റെയിൽവേ 30 ഓളം ട്രെയിനുകൾ റദ്ദാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**HEADLINE-3**

**PMJDY-11 YEARS**

കേന്ദ്രസർക്കാരിന്റെ സുപ്രധാന പദ്ധതിയായ പ്രധാൻമന്ത്രി ജൻധൻ യോജനയ്ക്ക് ഇന്ന് 11 വയസ്സ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ സമഗ്ര സാമ്പത്തിക പദ്ധതിയായ ജൻധൻ യോജന 2014 ഓഗസ്റ്റ് 15നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ചത്. 2014 ഓഗസ്റ്റ് 28 ന് പദ്ധതിക്ക് തുടക്കമായി. ദാരിദ്ര്യത്തിൻറെ വലയത്തിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കിയിരുന്നു. രാജ്യത്തെ എല്ലാ കുടുംബങ്ങളുടെയും സമഗ്ര സാമ്പത്തിക ഉന്നമനം, ബാങ്കിംഗ് സേവനം ഉറപ്പാക്കൽ എന്നിവയും ജൻധൻ യോജനയിലൂടെ ലക്ഷ്യമിടുന്നു. നഗര- ഗ്രാമപ്രദേശങ്ങളിലെ ഓരോ കുടുംബത്തിനും കുറഞ്ഞത് ഒരു ബാങ്ക് അക്കൗണ്ട് പദ്ധതിയിലൂടെ ഉറപ്പാക്കുന്നുണ്ട്. ബാങ്ക് അക്കൗണ്ട് തുറക്കുന്നവർക്ക് റുപേ കാർഡും ലഭ്യമാക്കുന്നു.

&&&&&&&&&&&&&&&&&&

**UIDAI - Aadhaar Mandatory Update**

അഞ്ച് മുതൽ 15 വയസ്സുവരെയുള്ള കുട്ടികളുടെ ആധാർ ബയോമെട്രിക് വിവരങ്ങൾ സമയബന്ധിതമായി പുതുക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ സ്കൂളുകളോടും നിർദ്ദേശിച്ച് യുണീക് ഐഡൻറിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ . ഇത് സംബന്ധിച്ച് എല്ലാ സംസ്ഥാനങ്ങളിലെയും ചീഫ് സെക്രട്ടറിമാർക്ക് കത്തയച്ചതായി കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഐ.റ്റി മന്ത്രാലയം അറിയിച്ചു. 17 കോടിയോളം കുട്ടികളുടെ ആധാർ ബയോമെട്രിക് വിവരങ്ങൾ പുതുക്കുന്നതിന് വിദ്യാഭ്യാസ മന്ത്രാലയവുമായി UIDAI സഹകരിച്ച് പ്രവർത്തിക്കും.

&&&&&&&&&&&&&&&&&&

## HEADLINE-5

**COTTON- DUTY EXEMPT**

അസംസ്കൃത പരുത്തിയുടെ ഇറക്കുമതി തീരുവ ഒഴിവാക്കുന്നത് 2025 സെപ്റ്റംബർ 30-ൽ നിന്ന് ഡിസംബർ 31 വരെ നീട്ടാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. രാജ്യത്തെ തുണി വ്യവസായ മേഖലയ്ക്ക് ആവശ്യമായ പരുത്തിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായാണ് ഈ തീരുമാനം.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....**

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-4

**THAMARASSERY (intro)**

***വയനാട് താമരശ്ശേരി ചുരം റോഡിൽ വീണ്ടും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. എന്നാൽ അടിയന്തര ആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ കടത്തി വിടും. കൂടുതൽ മണ്ണിടിച്ചിൽ ഉണ്ടായാൽ തടയാനുള്ള മാർഗങ്ങൾ കണ്ടെത്താൻ വിദഗ്ധ സമിതി ഇന്ന് പരിശോധന നടത്തും.***

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു*

*(ഹോൾഡ്)*

&&&&&&&&&&&&&&&&&&

**AYYANKALI**

കേരള നവോത്ഥാനത്തിന്റെ മുന്നണി പോരാളിയായ മഹാത്മാ അയ്യങ്കാളിയുടെ 162-ാം ജന്മദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിപുലമായ പരിപാടികൾ. ആധുനിക കേരളത്തിന് അടിത്തറ പാകുന്നതിൽ, മഹാത്മാ അയ്യങ്കാളിയും അദ്ദേഹം നേതൃത്വം നൽകിയ പോരാട്ടങ്ങളും വഹിച്ച പങ്ക് നിസ്തുലമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സമൂഹമാധ്യമത്തിൽ കുറിച്ചു. പട്ടികജാതി പട്ടികവർഗ വകുപ്പിന്റെ അഭിമുഖ്യത്തിൽ തിരുവനന്തപുരം കനകക്കുന്ന് മുതൽ വെള്ളയമ്പലം വരെ നടന്ന ഘോഷയാത്ര മന്ത്രി ഒ ആർ കേളു ഫ്ലാഗ് ഓഫ് ചെയ്തു. വെള്ളയമ്പലത്തെ അയ്യൻകാളി പ്രതിമയിൽ പുഷ്പാർച്ചനയും തുടർന്ന് അയ്യങ്കാളി അനുസ്മരണ സമ്മേളനവും നടന്നു.

&&&&&&&&&&&&&&&&&&

**MATSYA SAKTHI – GEORGE KURIEN**

കേന്ദ്ര കൃഷി മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ, വിഴിഞ്ഞം റീജിയണൽ സെന്റർ നടപ്പിലാക്കുന്ന 'മത്സ്യശക്തി' പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കോവളത്തെ ആനിമേഷൻ സെന്ററിൽ വൈകുന്നേരം 3 മണിക്കാണ് പരിപാടി.

&&&&&&&&&&&&&&&&&&

**AMOEBIC**

അമീബിക്ക് മസ്തിഷ്ക ജ്വരം തടയാൻ ജല സ്രോതസുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനായി ആരോഗ്യ വകുപ്പ് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജനകീയ ക്യാമ്പയിൻ ആരംഭിക്കുന്നു. ഇതിന്റെ ഭാഗമായി ശനി, ഞായർ ദിവസങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ

വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ജലസംഭരണ ടാങ്കുകൾ തേച്ച് കഴുകി വൃത്തിയാക്കുകയും ചെയ്യണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ജനകീയ ക്യാമ്പയിൻ നടക്കുന്നത്.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

**PREZ NUAKHAI**

ഒഡീഷയിലെ കാർഷിക ഉത്സവമായ നുവാഖായ് വേളയിൽ ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കൃഷിയോടുള്ള ആദരവും കർഷകരോടുള്ള നന്ദിയും പ്രകടിപ്പിക്കാനുള്ള പവിത്രമായ അവസരമാണ് നുവാഖായ് എന്ന് രാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**CHHATTISGARH MAOIST**

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ 30 മാവോയിസ്റ്റുകൾ കീഴടങ്ങി. ഇവരിൽ 20 പേർക്ക് 81 ലക്ഷം രൂപ ഇനാം പ്രഖ്യാപിച്ചിരുന്നതായി പൊലീസ് സൂപ്രണ്ട് ജിതേന്ദ്ര യാദവ് അറിയിച്ചു. സർക്കാരിന്റെ പുനരധിവാസ പദ്ധതി പ്രകാരം ഇവർക്ക് 50,000 രൂപ വീതം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEADLINE-6**

**KCL**

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്- ട്രിവാൻട്രം റോയൽസിനെയും, ഏരീസ് കൊല്ലം- ആലപ്പി റിപ്പിൾസിനെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ട്രിവാൻഡ്രത്തിനെതിരെ തൃശ്ശൂർ ടൈറ്റൻസും കൊച്ചിക്കെതിരെ കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സും വിജയിച്ചിരുന്നു.

&&&&&&&&&&&&&&&&&

**RAIN**

സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ലക്ഷദ്വീപ് തീരത്ത് നാളെയും വിലക്ക് തുടരും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&